**ഉയിർപ്പുകാലം നാലാം ഞായർ**

**യോഹ 16:16–24**

## സഹനത്തിൽ നിന്നും സന്തോഷത്തിലേക്ക്

റവ. ഫാ. പോൾ മോറേലി

വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിലെ പതിന്നാലു മുതൽ പതിനേഴു വരെയുള്ള അധ്യായങ്ങൾ യേശുവിന്റെ അന്ത്യപ്രഭാഷണം, വിടവാങ്ങൽ പ്രസംഗം എന്നൊക്കെയാണ് അറിയപ്പെടുന്നത്. തന്റെ മരണം മൂലം ശിഷ്യർ ഒരിക്കലും നഷ്ടധൈര്യരാകാതിരിക്കാൻ യേശു ശിഷ്യർക്കു നല്കുന്ന അന്ത്യോപദേശമാണ് ഈ വിടവാങ്ങൽ പ്രസംഗം. ആ പ്രസംഗമധ്യേ തന്റെ മരണവും ഉത്ഥാനവും തന്റെ ശിഷ്യർക്കും അതുപോലെ തന്നെ വെറുക്കുന്ന ലോകത്തിനും ഉണ്ടാക്കുന്ന വ്യത്യസ്തമായ അനുഭവത്തെ വിശദമാക്കുന്ന ബൈബിൾ ഭാഗമാണ് യോഹ. 16:16–24.

1. അല്പസമയം കഴിഞ്ഞാൽ എന്നെ കാണില്ല എന്നത് ഈശോയുടെ മരണത്തെയും വീണ്ടും അല്പസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണും എന്നത് അവിടുത്തെ ഉത്ഥാനത്തെയും സൂചിപ്പിക്കുന്നു. പഴയനിയമത്തിൽ അല്പസമയം എന്നത് തീവ്രമായ യുഗാന്ത പ്രതീക്ഷയുടെയും ദൈവം നല്കുന്ന പുതുയുഗപ്പിറവിയുടെയും സമയത്തെയാണ് (ഏശ 10:25; 26:20; 29:17) സൂചിപ്പിക്കുന്നത്.

2. യേശുവിന്റെ മരണത്തിൽ ലോകം സന്തോഷിക്കും ലോകം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഈശോയെ വെറുക്കുന്നവരുടെ സമൂഹത്തെയാണ്. സാത്താന്റെ നിയന്ത്രണത്തിലുള്ളവരും ഈശോയുടെ ദൈവത്വം അംഗീകരിക്കാത്തവരും. അങ്ങനെയുള്ളവരാണ് ഈശോയുടെ മരണത്തിൽ സന്തോഷിക്കുന്ന ലോകം.

3. യേശുവിനെ സ്നേഹിക്കുന്ന ശിഷ്യർ കരയുകയും, വിലപിക്കുകയും, ദുഃഖിതരാവുകയും ചെയ്യും. എന്നാൽ ആ ദുഃഖം ശാശ്വതമല്ല. കാരണം ഈശോ ഉയിർത്തെഴുന്നേൽക്കും. അപ്പോൾ അവരുടെ ദുഃഖം സന്തോഷമായി മാറും. ദുഃഖം യേശുവിന്റെ അഭാവത്തിൽ ശിഷ്യർ അനുഭവിക്കാനിരിക്കുന്ന വൈകാരിക വേദനയാണ്. ഈ ദുഃഖം സന്തോഷമായി മാറും എന്ന ഈശോയുടെ വാഗ്ദാനം ഒരു സ്ത്രീയുടെ പ്രവസത്തോട് ഉപമിച്ചിരിക്കുന്നു. കുഞ്ഞിനെ പ്രസവിക്കുന്നതിനുമുമ്പ് ദുഃഖം, വേദന. പ്രസവിച്ച് കഴിഞ്ഞ് കുഞ്ഞിനെ കാണുമ്പോൾ സന്തോഷം. ദുഃഖം സന്തോഷത്തിന് വഴിമാറുന്നു. പുതുജീവൻ ദുഖത്തെ ദൂരീകരിക്കുന്നു. യേശുവിന്റെ മരണം പ്രിയശിഷ്യരെ തളർത്തുമെങ്കിലും അവിടുത്തെ ഉത്ഥാനം അവർക്ക് ആനന്ദത്തിന്റെ ഉന്മേഷം നല്കും, പുതുജീവൻ നല്കും.

   ഏശയ്യ 26:17–ലും ഏശയ്യ 66:7–11–ലും ഈ പ്രസവരൂപകം ഉപയോഗിച്ചിട്ടുണ്ട്. സഹനത്തിൽ നിന്നും സന്തോഷത്തിലേക്കുള്ള ഇസ്രായേൽ ജനത്തിന്റെ മാറ്റത്തെയാണ് ഈ രണ്ടു ഭാഗങ്ങളും സൂചിപ്പിക്കുന്നത്.

   യേശുവിന്റെ മരണോത്ഥാനത്തിലൂടെ ശിഷ്യരു വിശ്വാസസമൂഹവും സ്വന്തമാക്കാൻ പോകുന്ന പുതുജന്മാനുഭവമാണ് ഈ പ്രസവപ്രയോഗത്തിലൂടെ സുവിശേഷകൻ വ്യക്തമാക്കുന്നത്. പാപം മൂലം മരിച്ച മനുഷ്യവർഗം മുഴുവൻ ഉത്ഥിതനായ യേശുവിനൊപ്പം ഉയിർത്തെഴുന്നേൽക്കും. എല്ലാവരും ഉത്ഥിതനിൽ പുനർജനിക്കും. പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നു: ആദത്തിൽ എല്ലാവരും മരണാധീനരാകുന്നതുപോലെ, ക്രിസ്തുവിൽ എല്ലാവരും പുനർജീവിക്കും (1 കോറി 15:22).

4. യേശുവിന്റെ ഉത്ഥാനം നല്കുന്ന അനുഭവം സ്ഥായിയായിരിക്കും. അതിന്റെ സന്തോഷം ആരിൽ നിന്നും ആർക്കും എടുത്തു കളയാനാവില്ല. യേശുവിന്റെ മരണത്തിന്റെ ആ താത്കാലിക ദുഃഖവും, ഉത്ഥാനത്തിന്റെ സ്ഥായിയായ ആനന്ദവും വിശദമാക്കുന്ന ഈ സുവിശേഷ ഭാഗം, ജീവിതത്തിന്റെ മരണവക്രത്തിൽപ്പെട്ട് ദുഃഖിക്കുന്നവർക്ക്, ഉത്ഥാനത്തിന്റെ ആനന്ദഭൈരവിയാകട്ടെ.